## പതിനാലാം കേരളനിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2006 | 11.02.2020-ൽ മറുപടിക്ക് |
|---|---|

### സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന ലൈംഗികാതിക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. വി ടി ബൽറാം<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | പിണറായി വിജയൻ<br>മുഖ്യമന്ത്രി |

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗികാതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സ്ഥിതി വിശേഷം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം ഇത്തരം കേസുകളിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(എ) യും (ബി) യും

കഴിഞ്ഞ 3 വർഷത്തെ കണക്ക് പരിശോധിച്ചതിൽ സംസ്ഥാനത്തെ സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമ കേസുകൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ വർദ്ധിച്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ കഴിഞ്ഞ 3 വർഷത്തെ കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമ കേസുകൾ (Rape with Murder, Rape, 354, 509, 377IPC & other sexual offences (KP Act etc) | കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമ കേസുകൾ (POCSO Act Cases) |
|---|---|---|
| 2017 | 7662 | 2697 |
| 2018 | 7640 | 3179 |
| 2019 | 7524 | 3609 |

ജനമൈത്രി പോലീസ് പദ്ധതി പോലെയുള്ള വിവിധ പദ്ധതികളിലൂടെ നടത്തുന്ന ബോധവത്ക്കരണ പ്രവർത്തനങ്ങളുടേയും

| | | | |
|---|---|---|---|
| | | | ആരോഗ്യകരമായ സമ്പർക്കങ്ങളുടേയും ഫലമായി ഉണ്ടാകുന്ന എല്ലാ സംഭവങ്ങളും റിപ്പോർട്ട് ചെയ്യുന്നതിന് പൊതുജനങ്ങൾക്ക് ധൈര്യവും ആത്മവിശ്വാസവും ഉണ്ടായിട്ടുണ്ട്. ഇത്തരത്തിൽ റിപ്പോർട്ടാകുന്ന എല്ലാ സംഭവങ്ങളിലും കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിക്കുന്നതിനാലുമാണ് കേസുകളിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളത്. |
| (സി) | പ്രസ്തുത കേസുകൾ അന്വേഷിക്കുവാൻ പ്രത്യേക പരിശീലനം നേടിയ ഉദ്യോഗസ്ഥരെ നിയോഗിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; | (സി) | സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗികാതിക്രമക്കേസ്സുകൾ അന്വേഷിക്കുന്നതിനും തെളിവുകൾ ശേഖരിക്കുന്നതിനും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പോലീസുദ്യോഗസ്ഥർക്ക് പരിശീലനം നൽകി വരുന്നു. |
| (ഡി) | പരിശീലനക്കുറവും അന്വേഷണത്തിൽ പാകപ്പിഴ ഉണ്ടാകുന്നതും ഇരയ്ക്ക് നീതി ഉറപ്പാക്കുവാൻ സാധ്യമാകാത്ത സാഹചര്യം ഉണ്ടാക്കിയിട്ടുണ്ടോ; | (ഡി) | പരിശീലനക്കുറവോ അന്വേഷണത്തിലെ പാകപ്പിഴയോ കാരണം ഇരയ്ക്ക് നീതി ഉറപ്പാക്കുവാൻ സാധ്യമാകാത്ത സാഹചര്യം ഉണ്ടാക്കിയിട്ടില്ല. |
| (ഇ) | വാളയാറിലെ പ്രായപൂർത്തിയാകാത്ത രണ്ട് സഹോദരിമാരെ പീഢിപ്പിച്ച ശേഷം കൊലപ്പെടുത്തിയ സംഭവത്തിലെ പ്രതികൾ ശിക്ഷിക്കപ്പെടാതെ പോയത് അന്വേഷണത്തിലുണ്ടായ വീഴ്ചമൂലമാണോ; എങ്കിൽ പ്രത്യേക പരിശീലനം നേടിയ ഉദ്യോഗസ്ഥരെ നിയോഗിക്കുവാൻ നിർദ്ദേശം നൽകിയത് ഇത്തരം സംഭവങ്ങളുടെ അടിസ്ഥാനത്തിലാണോ എന്നറിയിക്കാമോ? | (ഇ) | ഇക്കാര്യങ്ങൾ ഉൾപ്പെടെയുള്ളവ വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി റിട്ടയേർഡ് ജില്ലാ ജഡ്ജ് ശ്രീ. പി.കെ. ഹനീഫയെ കമ്മീഷൻ ഓഫ് ഇൻക്വയറി ആയി സർക്കാർ നിയമിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ